# പതിനാലാം കേരളനിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.697 — 28.02.2018 ന് മറുപടിയ്ക്ക്.

## വയനാട് ജില്ലയിൽ കാട്ടുപന്നിയുടെ ആക്രമണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.സി.കെ.ശശീന്ദ്രൻ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) 2016 മെയ് മുതൽ വയനാട് ജില്ലയിൽ കാട്ടുപന്നിയുടെ ആക്രമണത്തിൽ പരിക്കേറ്റ് ചികിത്സ തേടിയവർക്കായി വനംവകുപ്പ് എത്ര തുക ഇതിനകം അനുവദിച്ചിട്ടുണ്ട്; | (എ) 2016 മെയ് മുതൽ വയനാട് ജില്ലയിൽ കാട്ടുപന്നിയുടെ ആക്രമണത്തിൽ പരിക്കേറ്റ് ചികിത്സ തേടിയവർക്കായി 2,68,499/- രൂപ ഇതിനകം നൽകിയിട്ടുണ്ട്. |
| (ബി) കാട്ടുപന്നിയുടെ ആക്രമണത്തിൽ കൃഷിനാശം സംഭവിച്ചതിനെത്തുടർന്ന് വയനാട് ജില്ലയിലെ കർഷകർക്ക് 2016 മെയ് മുതൽ എത്ര രൂപ നഷ്ടപരിഹാരമായി നൽകി എന്ന് അറിയിക്കുമോ; | (ബി) കാട്ടുപന്നിയുടെ ആക്രമണത്തിൽ കൃഷിനാശം സംഭവിച്ചതിനെത്തുടർന്ന് വയനാട് ജില്ലയിലെ കർഷകർക്ക് 2016 മെയ് മുതൽ നാളിതുവരെ 60,68,451/- രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. |
| (സി) കാട്ടുപന്നിയുടെ ആക്രമണം വയനാട് ജില്ലയിൽ രൂക്ഷമാകുന്ന സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (സി) കാട്ടുപന്നിയുടെ ആക്രമണം വയനാട് ജില്ലയിൽ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) കാട്ടുപന്നിയെ വന്യജീവി സംരക്ഷണ നിയമത്തിലെ ഷെഡ്യൂൾ V -ൽ ഉൾപ്പെടുത്താൻ സർക്കാർ ശ്രമം നടത്തുമോ എന്നറിയിക്കാമോ? | (ഡി) ഇക്കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ